LIBRARY ARCHIVES Kerala Legislative Assembly

വാദ്യത്തൊഴിലാളികൾ നേരിടുന്ന വൈഷമ്യങ്ങൾ

74 [3082] ശ്രീ. കെ. മാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാദ്യത്തൊഴിലാളികൾ നേരിടുന്ന വൈഷമ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) വാദ്യത്തൊഴിലാളികൾ നൽകിയ നിവേദനത്തിൽ പറയുന്ന കാര്യങ്ങൾ പരിഹരിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ അസംഘടിത തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമപദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) വാദ്യകലാകാരൻമാർ നേരിടുന്ന വൈഷമ്യങ്ങൾ സംബന്ധിക്കുന്ന നിവേദനം തൊഴിൽ വകുപ്പിൽ ലഭിച്ചിട്ടില്ല. മാത്രവുമല്ല അവരുടെ ആവശ്യങ്ങൾ തൊഴിൽ വകുപ്പിന്റെ പരിധിയിൽ വരുന്നതുമല്ല.

(ഡി) വാദ്യകലാകാരൻമാർ 'തൊഴിലാളി' എന്ന നിർവചനത്തിൽ വരുന്നവരല്ല. കലാകാരൻമാരുടെ വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഇവർക്ക് ക്ഷേമനിധി രൂപവൽക്കരിക്കുവാൻ തൊഴിൽ വകുപ്പ് മുഖേന നിർവാഹമില്ല.

പൂട്ടിയിട്ട തെയിലത്തോട്ടങ്ങളും കാപ്പിത്തോട്ടങ്ങളും തുറക്കുന്നതിന് കേന്ദ്രസഹായം

75 [3083] ശ്രീ. അടൂർ പ്രകാശ്:
„ പി. ടി. തോമസ്:
„ ഇ. എം. അഗസ്തി:
„ കെ. മോഹൻകുമാർ:
„ എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാപ്പിത്തോട്ടങ്ങൾ ഏതെങ്കിലും പൂട്ടിയിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം എന്ന് വ്യക്തമാക്കാമോ; ഇവ പൂട്ടിയതുമൂലം എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ;

(ബി) തെയിലത്തോട്ടങ്ങൾ പൂട്ടിയതുമൂലം തൊഴിലില്ലാതായവരുടെ എണ്ണമെത്ര; ഇവർക്ക് എന്തെല്ലാം വിധത്തിലുള്ള ആശ്വാസം നൽകി എന്ന് അറിയിക്കാമോ;

(സി) പൂട്ടിയിട്ട തെയിലത്തോട്ടങ്ങളും കാപ്പിത്തോട്ടങ്ങളും തുറക്കുന്നതിന് കേന്ദ്രസഹായം തേടിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ സമീപനമെന്ത്?

ഉത്തരം

(എ) സംസ്ഥാനത്ത് വയനാട് ജില്ലയിലെ അഞ്ചു കാപ്പിത്തോട്ടങ്ങൾ പൂട്ടിയിട്ടതുമൂലം 434 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടതായി കണക്കാക്കുന്നു.

(ബി) തേയിലത്തോട്ടങ്ങൾ പൂട്ടിയതുമൂലം ഏകദേശം 14360 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. പ്രസ്തുത തൊഴിലാളികൾക്ക് 2002 ഒക്ടോബർ മാസം മുതൽ സൗജന്യ റേഷൻ നൽകിവരുന്നു. ഓണക്കാലത്ത് ഓരോ തൊഴിലാളിക്കും 500 രൂപ സഹായധനം നൽകിയിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലേബർ വെൽഫെയർ ഫണ്ട് ബോർഡ് മുഖേന നൽകിവരുന്ന ആനുകൂല്യങ്ങൾക്ക് പുറമേ ടെക്സ്റ്റ് ബുക്കുകളും നോട്ടു ബുക്കുകളും രണ്ടു സെറ്റ് യൂണിഫോമും സ്കൂൾ ബാഗും നൽകി. ഇവയ്ക്കെല്ലാം പുറമേ തോട്ടം തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സിനുള്ള ഫീസ് സർക്കാർ വഹിക്കുന്ന കാര്യം പരിഗണനയിലാണ്.

തൊഴിലാളികൾക്ക് മെഡിക്കൽ സഹായവും സൗജന്യമായി മരുന്നു വിതരണവും നടത്തിവരുന്നു. കൂടാതെ മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. പീരുമേട് മേഖലയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു മൊബൈൽ മെഡിക്കൽ വാൻ പ്രവർത്തിച്ചുവരുന്നു. സ്പെഷ്യലിസ്റ്റുകൾ ഉൾപ്പെട്ട സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്. ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിക്കപ്പെട്ട പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിക്ക് തൊഴിലാളികൾക്ക് അടിയന്തിര സമാശ്വാസ പ്രവർത്തനങ്ങൾ നടത്തുവാൻ ഉപാധികളില്ലാതെ അഞ്ചുകോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള ഡെലിഗേഷൻ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് മെമ്മോറാണ്ടം നൽകുകയുണ്ടായി

മലങ്കര, കാളിയാർ എസ്റ്റേറ്റുകളിലെ തൊഴിലാളികളും ശമ്പളവും

76 [3084] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ താലൂക്കിൽ പ്രവർത്തിക്കുന്ന മലങ്കര, കാളിയാർ എസ്റ്റേറ്റുകളിൽ എത്ര തൊഴിലാളികൾ വീതമാണ് ഉള്ളത്;

(ബി) ഈ പ്രദേശങ്ങളിലെ തൊഴിലാളികൾക്ക് നൽകുന്ന ശമ്പളം എത്ര വീതമാണ്;

(സി) പ്രസ്തുത തോട്ടങ്ങളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ച് ചേർക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly